## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4336** **09-08-2021 - ൽ മറുപടിയ്ക്ക്**

## പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വെച്ചിരിക്കുന്ന സർക്കാർഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വെച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വെച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള പാട്ടതുക ഈടാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ഈടാക്കുന്നതിനും പാട്ട കക്ഷിക്ക് നിയമാനുസൃതമായി നോട്ടീസ് നൽകി തുക ഒടുക്കു വരുത്താത്ത പക്ഷം കക്ഷിയിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ആയത് ഈടാക്കുന്നതിനും ആവശ്യമായ കേസുകളിൽ പാട്ടം റദ്ദ് ചെയ്ത് ടി ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്തു 1964ലെ ഭൂമി പതിവ് ചട്ടത്തിലും 1995ലെ മുനിസിപ്പൽ കോർപറേഷൻ ഏരിയയിലെ ഭൂമി പതിവ് ചട്ടത്തിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതു പ്രകാരം പാട്ട കുടിശിക പിരിച്ചെടുക്കുന്നതിനും പാട്ട വ്യവസ്ഥ ലംഘിച്ച സർക്കാർ ഭൂമികൾ തിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു . |
| (ബി) | പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വെച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വെച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കൊല്ലം ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് 152-ൽ സർവ്വെ 27-ൽ 34.34 ആർ, കൊല്ലം താലൂക്കിൽ മുണ്ടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 149-ൽ റീസർവ്വെ 90-ൽ 16.90 ആർ. ,കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 231-ൽ റീസർവ്വെ 10-ൽ 12.88 ആർ എന്നീ സ്ഥലങ്ങൾ ലീസ് വ്യവസ്ഥ ലംഘിച്ചതിനാൽ സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പാട്ടം റദ്ദ് ചെയ്യുന്നതിനായി ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ചേർത്തല |

| | | | |
|---|---|---|---|
| | | | തെക്ക് വില്ലേജിൽ ലൂം ക്രാഫ്റ്റ് എന്ന സ്ഥാപനം ഏറ്റെടുത്തിട്ടുണ്ട്. ചേർത്തല താലൂക്കിൽ കൊക്കോതമംഗലം വില്ലേജിൽ M/s മാക്ഡവൽ കമ്പനി (യുണൈറ്റഡ് സ്പിരിറ്റ്) എന്ന സ്ഥാപനവും ഏറ്റെടുത്തിരുന്നതും ആയതിനെതിരെ ഡബ്ല്യൂ.പി. (സി)- 23316/17, ഡബ്ല്യൂ.പി (സി)- 26656/20 നമ്പർ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും കേസുകൾ നിലവിലുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ